"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്- ആരോഗ്യ വകുപ്പ്- ജീവനക്കാര്യം- ഡോ ജവഹർ ഐ എസ്, സിവിൽ സർജൻ - സ്ഥലംമാറ്റ നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.2531/2024/H&FWD തീയതി,തിരുവനന്തപുരം, 23-10-2024

---

പരാമർശം:-
1. 06-09-2024 ലെ സ.ഉ (സാധാ) നം. 2146/2024/H&FWD
2. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA 1443/2024 മേലുള്ള 04-10-2024 ലെ ഇടക്കാല ഉത്തരവ്
3. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 26-09-2024 ലെ DHS/21446/2024-ER1 നമ്പർ കത്ത്

**ഉത്തരവ്**

ആരോഗ്യ വകുപ്പിലെ സിവിൽ സർജൻ തസ്തികയിലെ 2024 ലെ പൊതുസ്ഥലംമാറ്റത്തിൽ വിഴിഞ്ഞം സാമൂഹികാരോഗ്യ കേന്ദ്രത്തിലെ സിവിൽ സർജനായിരുന്ന ഡോ ജവഹർ ഐ എസ്-ന് പൂവാർ സാമൂഹികാരോഗ്യ കേന്ദ്രത്തിലേക്ക് പരാമർശം (1) പ്രകാരം സ്ഥലംമാറ്റം നൽകിയിരുന്നു. സിവിൽ സർജൻ തസ്തികയിലെ പൊതുസ്ഥലംമാറ്റവുമായി ബന്ധപ്പെട്ട് ഡോ ജവഹർ ഐ എസ് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുൻപാകെ ഫയൽ ചെയ്തിരുന്ന OA 1443/2024 മേലുള്ള പരാമർശം (2) ഉത്തരവിൽ പൊതുസ്ഥലംമാറ്റത്തിൽ ഡോ ജവഹറിനെ ടിയാൻ സമർപ്പിച്ച ഒരു ഓപ്ഷനിലും പരിഗണിക്കാതിരുന്നതിന്റെ കാരണം ബഹു. ട്രൈബ്യൂണൽ ആരാഞ്ഞിരുന്നു.

2. ഡോ ജവഹറിന്റെ സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട് ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശം (3) പ്രകാരം റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. വിഴിഞ്ഞം സാമൂഹികാരോഗ്യ കേന്ദ്രത്തിലെ ഡോ ജവഹർ ഐ എസ് 2024 സിവിൽ സർജൻമാരുടെ പൊതുസ്ഥലംമാറ്റത്തിൽ ഓൺലൈൻ അപേക്ഷ സമർപ്പിച്ചിട്ടുള്ളതായി സ്പാർക്കിൽ ലഭ്യമായ വിവരങ്ങളിൽ നിന്നും വ്യക്തമാണെന്നും എന്നാൽ ടി അപേക്ഷ സ്ഥാപനമേധാവി ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നൽകിയിരുന്നില്ലെന്നും സാമൂഹികാരോഗ്യ കേന്ദ്രം, വെൺപകൽ,

സാമൂഹികാരോഗ്യ കേന്ദ്രം, വെള്ളറട, സാമൂഹികാരോഗ്യ കേന്ദ്രം , പൂല്ലുവിള എന്നീ സ്ഥാപനങ്ങളിലേക്കാണ് ടിയാൻ ഓപ്ഷൻ സമർപ്പിച്ചിരുന്നതെന്നും ആരോഗ്യ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. 2024 ലെ സിവിൽ സർജൻ തസ്തികയിലെ പൊതുസ്ഥലംമാറ്റത്തിൽ ഡോ ജസ്റ്റിൻ ബേസിന് വെൺപകൽ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ നിന്നും വിഴിഞ്ഞം സാമൂഹികാരോഗ്യ കേന്ദ്രത്തിലേക്ക് സ്ഥലംമാറ്റം നൽകിയിട്ടുള്ളതായും 2024 ലെ സിവിൽ സർജൻമാരുടെ പൊതുസ്ഥലംമാറ്റത്തിൽ വെൺപകൽ സാമൂഹികാരോഗ്യ കേന്ദ്രത്തിലേക്ക് ആരെയും നിയമിച്ചിട്ടില്ലെന്നും ആയതിനാൽ ഡോ ജവഹർ ഐ എസ്-ന് വെൺപകൽ സാമൂഹികാരോഗ്യ കേന്ദ്രത്തിലേക്ക് സ്ഥലംമാറ്റം നൽകാവുന്നതാണെന്നും ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശം (3) പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ആരോഗ്യ വകുപ്പിലെ 2024 ലെ സിവിൽ സർജൻ തസ്തികയിലെ പൊതു സ്ഥലംമാറ്റത്തിൽ വിഴിഞ്ഞം സാമൂഹിക ആരോഗ്യ കേന്ദ്രത്തിലെ സിവിൽ സർജനായിരുന്ന ഡോ ജവഹർ ഐ എസ് -ന് പൂവാർ സാമൂഹികാരോഗ്യ കേന്ദ്രത്തിലേക്കാണ് സ്ഥലംമാറ്റം നൽകിയിരുന്നത്. എന്നാൽ ടിയാൻ സമർപ്പിച്ച ഓപ്ഷനുകൾ സാമൂഹികാരോഗ്യ കേന്ദ്രം, വെൺപകൽ, സാമൂഹികാരോഗ്യ കേന്ദ്രം, വെള്ളറട, സാമൂഹികാരോഗ്യ കേന്ദ്രം , പുല്ലുവിള എന്നിവയായിരുന്നു. 2024 ലെ സിവിൽ സർജൻ തസ്തികയിലെ പൊതുസ്ഥലംമാറ്റത്തിൽ ഡോ ജസ്റ്റിൻ ബേസിന് വെൺപകൽ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ നിന്നും വിഴിഞ്ഞം സാമൂഹികാരോഗ്യ കേന്ദ്രത്തിലേക്ക് സ്ഥലംമാറ്റം നൽകിയിരുന്നു. പകരം വെൺപകൽ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ആരെയും നിയമിച്ചിരുന്നില്ല. ഡോ ജവഹറിന്റെ പൊതുസ്ഥലംമാറ്റ അപേക്ഷയിലെ ഒന്നാമത്തെ ഓപ്ഷൻ ആയ വെൺപകൽ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ നിലവിൽ മറ്റാരെയും നിയമിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ സിവിൽ സർജൻ ഡോ ജവഹർ ഐ എസ്- ന് വെൺപകൽ സാമൂഹികാരോഗ്യ കേന്ദ്രത്തിലേക്ക് സ്ഥലംമാറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. ആരോഗ്യ വകുപ്പ് ഡയറക്ടർ ഈ ഉത്തരവ് പി ഡി എഫ് രൂപത്തിൽ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ആയതിന്റെ പകർപ്പ് ഔദ്യോഗിക ആവശ്യങ്ങൾക്കായി ഉപയോഗിക്കാവുന്നതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ചിത്ര കെ ദിവാകരൻ
ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

ഡോ ജവഹർ ഐ എസ്, സിവിൽ സർജൻ

(ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ&ഇ), കേരളം, തിരുവനന്തപുരം

കരുതൽ ഫയൽ /ഓഫീസ്

ഉത്തരവിൻ പ്രകാരം

Signed by
Anupama G Nair
Date: 23-10-2024 15:11:12
സെക്ഷൻ ഓഫീസർ

വെബ്സൈറ്റ് കത്ത് നമ്പർ ആ.വ.ഡ/21446/2024/ഇ.ആർ.1
തി. 23/10/2024

---

സർക്കാർ ഉത്തരവിന്റെ പകർപ്പ് തുടർനടപടികൾക്കായി ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു.

23/10/24. ആരോഗ്യ വകുപ്പ് ഡയറക്ടർക്കുവേണ്ടി.